# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4329

04.02.2014 ൽ മറുപടിയ്ക്ക്

**എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് സ്കൂളിൽ പരിശീലനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.എ.മാധവൻ<br>" സണ്ണി ജോസഫ്<br>പി.സി.വിഷ്ണുനാഥ്<br>എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾക്ക് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ്ങ് സ്കീം എന്ന പേരിൽ 2013-14 ൽ പ്രവേശന പരീക്ഷകൾക്കുള്ള പരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ട്.വിക്ടേഴ്സ് ചാനൽ വഴിയും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപികരിച്ച വെബ് സൈറ്റ് വഴിയുമാണ് പരിശീലനം നല്കുന്നത് |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും പരിശീലന രീതിയെക്കുറിച്ചും വിശദമാക്കുമോ; | ബി) എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനത്തിനുവേണ്ട സാമ്പത്തീക ബാധ്യത താങ്ങാൻ പറ്റാത്ത സാധാരണക്കാരായ വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട എൻട്രൻസ് കോച്ചിംഗ് സെന്ററുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലെ ഗ്രാമീണരായ വിദ്യാർത്ഥികൾക്കും സൗജന്യമായി എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കേരളത്തിലെ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് ആവശ്യമായ ഗണിതശാസ്ത്രം ഭൗതീകശാസ്ത്രം രസതന്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നീ അഞ്ചു വിഷയങ്ങളിലായി ആഴ്ചയിൽ അഞ്ചു ദിവസങ്ങളിലായി ഒരു ദിവസം ഒരു വിഷയം എന്ന തോതിൽ ഓരോ മണിക്കൂർ വീതമുള്ള ക്ലാസ്സുകൾ രാവിലെ 9.30 മുതൽ 12.30 വരെ രണ്ടാം വർഷ വിദ്യാർത്ഥികൾക്കും, ഉച്ചയ്ക്ക് 2.30 മുതൽ 3.30 വരെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കും വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്യുന്നു. വൈകുന്നേരങ്ങളിൽ |

ഇവ പുനഃസംപ്രേക്ഷണം നടത്തുന്നുണ്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓരോ വിദ്യാർത്ഥിയുടെയും ഹോംപേജിൽ ഈ ദൃശ്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സംവിധാനത്തിലൂടെ വിദ്യാർത്ഥികൾക്ക് ഇത് ലോഗിൻ ചെയ്ത് കാണാൻ കഴിയും. ഓൺലൈൻ ടെസ്റ്റുകൾ, സംശയനിവാരണത്തിനുള്ള സൗകര്യം. മോഡൽ ടെസ്റ്റ് പേപ്പറുകൾ നടത്താനും ശരിയുത്തരം അറിയുവാനുള്ള സൗകര്യം എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നത് ; വിശദമാക്കുമോ;. | സി) | കേരളത്തിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിമൂലം പ്രയോജനം ലഭിക്കുന്നത്. |
| ഡി) | ഏത് അദ്ധ്യയന വർഷം മുതലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ഡി) | 2013-14 ൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ഇ) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്, വിശദമാക്കുമോ? | ഇ) | ഉന്നത വിദ്യാഭ്യാസ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ഹയർസെക്കന്ററി വകുപ്പ്, ഐ.ടി @ സ്കൂൾ, വിക്ടേഴ്സ് ചാനൽ, കെൽട്രോൺ തുടങ്ങിയ വകുപ്പുകളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ